# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5163    26.03.2018 ൽ മറുപടിക്ക്**

**പൊട്ടിപ്പൊളിഞ്ഞ റോഡുകളുടെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ ജി സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) | പൊട്ടിപ്പൊളിഞ്ഞ റോഡുകളുടെ അറ്റകുറ്റപ്പണി മഴക്കാലത്തിന് മുമ്പ് പൂർത്തിയാക്കണമെന്ന് നിർദ്ദേശം നല്കിയിരുന്നോ; അതിന് എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്; | എ) | പൊട്ടിപ്പൊളിഞ്ഞ റോഡുകളുടെ അറ്റകുറ്റപണി മഴക്കാലത്തിന് മുമ്പ് പൂർത്തിയാക്കണമെന്ന് കർശന നിർദ്ദേശം നല്കിയിരുന്നു. ഇതിനായി പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ റോഡുകളുടെ അറ്റകുറ്റപണികൾക്കായി സർക്കാർ 2017-18 സാമ്പത്തിക വർഷം 21.75 കോടി രൂപയും ദേശീയപാത വിഭാഗത്തിനായി 5.0486 കോടി രൂപയും അനുവദിച്ച് പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | റോഡ് പണിയുവാനുള്ള മെറ്റലിന്റെയും പാറയുടെയും ക്ഷാമം ഇതിന് തടസ്സമാകുന്നുണ്ടോ; ഇത് അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കിയിട്ടുണ്ടോ; | ബി) | ഉണ്ട്. റോഡ് പണിയുവാനുള്ള മെറ്റലിന്റെയും പാറയുടെയും ക്ഷാമം നിർമ്മാണ പ്രവർത്തനങ്ങളിൽ ചിലത് സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കിയിട്ടുണ്ട്. |
| സി) | ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെട്ട് നടത്തിയ യോഗത്തിലെ തീരുമാനം മൂലം ഫലപ്രാപ്തിയുണ്ടായിട്ടുണ്ടോ; | സി) & ഡി) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൂടുതൽ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുവാനായി തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും റോഡ് നിർമ്മാണത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ നികുതി ഇളവ് വരുത്തി നൽകാമെന്നും തീരുമാനമായിട്ടുണ്ട്. കൂടാതെ മറ്റ് രാജ്യങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് പരിശോധിച്ച് വരികയാണ്. |
| ഡി) | നിലവിലെ പ്രതിസന്ധി എങ്ങനെ മറികടക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ